ജൂൺ 30 2025

# സ്റ്റുഡന്റ്സ് വേൾഡ്

സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ കവടിയാർ-മുഖപത്രം

## സിനിമ പ്രദർശനം നടത്തി



സാമൂഹിക തിബദ്ധത വിദ്യാർത്ഥികളിൽ വളർത്തുക എന്ന ലക്ഷ്യത്തോടെ സ്കൂൾ ഫിലിം ക്ലബ്ബിന്റെ നേതൃത്വത്തിൽ സിനിമ പ്രദർശനം നടത്തി. ഗാന്ധിജിയുടെ ജീവിത ദർശനങ്ങൾ പകർന്നു നൽകുന്ന മിനി എന്ന സിനിമയാണ് പ്രദർശിപ്പിച്ചത്. ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായാണ് ഫിലിം ക്ലബ്ബ് ഇത്തരത്തിൽ ഒരു പ്രദർശനത്തിന് തുടക്കം കുറിച്ചത്.

ചിത്രശാല: പുതിയ യൂണിഫോമിൽ



## അറിവിന്റെ തിരി തെളിയിച്ച് ഒന്നിച്ച് ഒന്നായ് തിരികെ വിദ്യാലയത്തിലേയ്ക്ക്



*പ്രവേശനോത്സവം ബി എസ് എസ് അഖിലേന്ത്യാ ചെയർമാൻ ഡോ. ബി എസ് ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.*

കവടിയാർ: അവധിക്കാല ആഘോഷങ്ങളോട് വിടപറഞ്ഞ് പുതിയ അധ്യയന വർഷത്തിൽ കുട്ടികൾ തിരികെ വിദ്യാലയത്തിലെത്തി.

ജൂൺ രണ്ടാം തീയതി രാവിലെ പത്തുമണിക്ക് പ്രവേശനോത്സവ പരിപാടികൾ ആരംഭിച്ചു. ഭാരതീയ സേവക് സമാജ് അഖിലേന്ത്യാ ചെയർമാൻ ഡോ.ബി എസ് ബാലചന്ദ്രൻ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ ജീവിതമാകണം ലഹരി എന്ന വലിയ സന്ദേശത്തോടൊപ്പം സാഹിത്യ മേഖലയിൽ പ്രാവിണ്യം തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് അവാർഡ് പ്രഖ്യാപിക്കുകയും ചെയ്തു. പി ടി എ പ്രസിഡന്റ് ശ്രീ വിൻസന്റ് സാമുവേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രിൻസിപ്പാൾ ശ്രീമതി. പുഷ്പിത ബി അതിഥികളെ സ്വാഗതം ചെയ്തു സംസാരിച്ചു. മാനേജ്മെന്റ് പ്രതിനിധി ലഫ്.കേണൽ. ജോഷ്വ ഡേവിഡ്,സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി. മീര എം എസ്, സ്കൂൾ എസ് എം സി ചെയർമാൻ ഡോ. ജോർജ്ജ് പെരേര, പി ടി എ വൈസ് പ്രസിഡന്റ് ശ്രീ. അരുൺ കുമാർ, സീനിയർ അസിസ്റ്റന്റ് നിത്യ ആർ എന്നിവർ ആശംസ അറിയിച്ചു. പൂർവ്വ വിദ്യാർത്ഥിയും സാമൂഹ്യ പ്രവർത്തകനുമായ ശ്രീ. വിനയചന്ദ്രൻ നായരെ ആദരിക്കുകയും എസ് എസ് എൽ സി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ സുവൻ ആർ പ്രദീപിനെ അനുമോദിക്കുകയും ചെയ്തു. പുതുതായി സ്കൂളിൽ പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ വിതരണം ചെയ്തു. ശ്രീമതി. ബീന ജോസഫ് കൃതജ്ഞത രേഖപ്പെടുത്തി.

## പ്രകൃതി സംരക്ഷണം ജീവിതചര്യ ആക്കണം: വിളപ്പിൽ രാധാകൃഷ്ണൻ



*പരിസ്ഥിതി ദിനത്തിൽ ശ്രീ. വിളപ്പിൽ രാധാകൃഷ്ണൻ, ശ്രീ. ജോബി എന്നിവർ ചേർന്ന് വൃക്ഷത്തൈ നടുന്നു.*

കവടിയാർ: പ്രകൃതി സംരക്ഷണം നമ്മുടെ ജീവിതചര്യയാക്കണമെന്ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. വിളപ്പിൽ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. കവടിയാർ സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കുളിലെ പരിസ്ഥിതിദിനം ഉദ്ഘാടനം ചെയ്യ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജൂൺ അഞ്ചാം തീയതി രാവിലെ സംഘടിപ്പിച്ച അസംബ്ലിയിൽ പരിസ്ഥിതി ദിന പരിപാടികൾ ആരംഭിച്ചു. സിനിമ സീരിയൽ താരം ജോബി മുഖ്യാതിഥി ആയിരുന്നു. സ്നേഹസാന്ദ്രം ചാരിറ്റബിൾ ട്രസ്റ്റ്, ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ എന്നീ സംഘടനകൾ പരിസ്ഥിതി ദിനാഘോഷത്തിൽ സ്കുളിനൊപ്പം പങ്കുചേർന്നു. വൃക്ഷത്തൈ നടീൽ, വൃക്ഷത്തൈ വിതരണം, പോസ്റ്റർ രചന, പരിസര ശുചീകരണം, ക്വിസ് മത്സരം എന്നിവ ദിനാചരണത്തിന്റെ ഭാഗമായി നടത്തപ്പെട്ടു.

## മുഖ്യമന്ത്രിയുടെ ലഹരിവിരുദ്ധ സന്ദേശം പ്രദർശിപ്പിച്ചു.



ജൂൺ 26 ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ ലഹരി വിരുദ്ധ സന്ദേശം ക്ലാസ്സുകളിൽ പ്രദർശിപ്പിച്ചു. വിക്ടേഴ്സ് ചാനലിൽ നടത്തിയ പരിപാടിയുടെ തത്സമയ ദൃശ്യങ്ങളാണ് സ്മാർട്ട് ക്ലാസ്സിന്റെ സഹായത്തോടെ പ്രദർശിപ്പിച്ചത്. പരിപാടിയിൽ അവതരിപ്പിച്ച ലഹരി വിരുദ്ധ പ്രതിജ്ഞ കുട്ടികൾ ഏറ്റുപറഞ്ഞു. അതിനോടനുബന്ധിച്ച് വിവിധ പരിപാടികളും നടത്തി.

## പി എൻ പണിക്കർ; മലയാളിയുടെ വായനയ്ക്ക് വെളിച്ചം പകർന്ന ദിവ്യജ്യോതി



കേരളത്തിൽ വായനാ സംസ്കാരം വളർത്തിയെടുത്തവരിൽ പ്രധാനിയാണ് പി എൻ പണിക്കർ. ഗ്രന്ഥശാലപ്രധാനത്തിനു മുൻ കൈ എടുത്ത അദ്ദേഹം അനൌപചാരിക വയോജന വിദ്യാ ഭ്യാസരംഗത്തും പ്രവർത്തിച്ചു. ചങ്ങനാശ്ശേരിക്കടുത്തുള്ള നീലംപേരൂരിൽ ജനിച്ചു. ഇദ്ദേഹത്തിൻറെ ശ്രമഫലമായി ജന്മദേശത്തു സ്ഥാപിതമായ വായനശാലയാണ് പിൽക്കാലത്ത്സനാതന ധർമവായനശാലയായി പ്രസിദ്ധമായത്. 1945-ൽ അന്നു നിലവിലുണ്ടായിരുന്ന 47ഗ്രന്ഥശാലകളുടെ പ്രവർത്തകരുടെ സമ്മേളനംവിളിച്ചുകൂട്ടി. ആ സമ്മേളനത്തിൻറെ തീരുമാനപ്രകാരം 1947-ൽ രൂപീകൃതമായ തിരു-കൊച്ചി ഗ്രന്ഥശാലാസംഘമാണ് 1957-ൽ കേരള ഗ്രന്ഥശാലാ സംഘമായത്. "വായി ്ചുവളരുക, ചിന്തിച്ചു വിവേകം നേടുക" എന്നീ മുദ്രാവാക്യങ്ങളുമായി 1972-ൽ ഗ്രന്ഥശാലാ സംഘത്തിൻറെ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് സംഘടിക്കപ്പെട്ട സാംസ്കാരിക ജാഥയ്ക്കും അദ്ദേഹം നേതൃ ത്വം നല്കി. കേരള ഗ്രന്ഥശാലാ സംഘം സെക്രട്ടറിയായും മുഖ പത്രമായ ഗ്രന്ഥലോകത്തിൻറെ പത്രാധിപരായും പ്രവർത്തിച്ച പണിക്കർ 1977-ൽആസ്ഥാന ത്തു നിന്ന് വിരമിച്ചു. .1995 ജൂൺ 19ന് പി.എൻ.പണിക്കർ അന്തരിച്ചു.

## ചിന്താവിഷയം

"പുസ്തകങ്ങൾ തടവിലാക്കപ്പെട്ട ആത്മാക്കളാണ്. അലമാരയിൽ നിന്നും പുറത്തെടുത്ത് വായിക്കപ്പെടുമ്പോഴാണ് അവയ്ക്ക് മോചനം ലഭിക്കുന്നത്."

-സാമുവേൽ ബട്‌ലർ -

## ലഹരി: ഒരു സാമൂഹിക വിപത്ത്, ഉണരാം നല്ല നാളേക്കായി

ഇന്നത്തെ സമൂഹത്തിൽ, പ്രത്യേകിച്ച് യുവത ലമുറയിൽ, ലഹരിയുടെ ഉപയോഗം ഒരു വലിയ ഭീഷണിയായി മാറിക്കൊണ്ടിരിക്കു കയാണ്. മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ എന്നിങ്ങനെ പല രൂപങ്ങളിൽ ലഹരി അതിന്റെ കരാളഹസ്തങ്ങൾ നീട്ടുന്നു. ഇത് വ്യക്തികളുടെ ആരോഗ്യത്തെ മാത്രമല്ല, കുടുംബബന്ധങ്ങളെയും സാമൂഹിക കെട്ടുറപ്പിനെയും തകർത്തെറിയുന്നു.

ലഹരി ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നു. കരൾ രോഗങ്ങൾ, ഹൃദയസ്തംഭനം, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ, മാനസിക വിഭ്രാന്തികൾ എന്നിവ ലഹരിയുടെ ഉപയോഗം വഴിയുണ്ടാകുന്ന ചില പ്രശ്നങ്ങളാണ്. ഇതിനു പുറമെ, ലഹരിക്ക് അടിമപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടാനുള്ള സാധ്യതയും കൂടുതലാണ്. സാമ്പത്തിക ബാധ്യതകൾ, കുടുംബ കലഹങ്ങൾ, സാമൂഹിക ഒറ്റപ്പെടൽ എന്നിവയും ലഹരിയുടെ തിക്തഫലങ്ങളിൽ ചിലതാണ്

ലഹരിയുടെ കരാളഹസ്തങ്ങളിൽ നിന്ന് നമ്മുടെ സമൂഹത്തെ രക്ഷിക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ, പ്രത്യേകിച്ച് കുട്ടികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്. സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കണം. ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സ നൽകാനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും സർക്കാർ തലത്തിലും സന്നദ്ധ സംഘടനകളുടെ തലത്തിലും കൂടുതൽ ഇടപെടലുകൾ ആവശ്യമാണ്.

മാതാപിതാക്കൾക്ക് ഈ വിഷയത്തിൽ വലിയ പങ്കുവഹിക്കാനുണ്ട്. മക്കളുടെ കൂട്ടുകെട്ടുകൾ ശ്രദ്ധിക്കുകയും അവരുമായി തുറന്നു സംസാരിക്കുകയും ചെയ്യുന്നത് ലഹരിയുടെ കെണിയിൽപ്പെടാതെ അവരെ സംരക്ഷിക്കാൻ സഹായിക്കും. മാധ്യമങ്ങൾക്കും ഈ വിഷയത്തിൽ വലിയ പങ്ക് വഹിക്കാനുണ്ട്. ലഹരിയുടെ അപകടങ്ങളെക്കുറിച്ച് നിരന്തരം വാർത്തകളും ലേഖനങ്ങളും നൽകി ജനങ്ങളിൽ അവബോധം വളർത്താൻ കഴിയും.

ലഹരിമുക്തമായ ഒരു സമൂഹമാണ് നമ്മുടെ ലക്ഷ്യം. ഇതിനായി ഓരോ പൗരനും തങ്ങളുടേതായ പങ്ക് വഹിക്കണം. ലഹരിയെ ചെറുക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ലഹരി ഉപയോഗിക്കുന്നവരെ സഹായിക്കാൻ മുന്നോട്ട് വരികയും ചെയ്യണം. ഓർക്കുക, ലഹരി ഒരു വ്യക്തിയുടെ മാത്രം പ്രശ്നമല്ല, അത് സമൂഹത്തിന്റെ മൊത്തം പ്രശ്നമാണ്. നമുക്ക് ഒരുമിച്ച് കൈകോർത്ത് ലഹരിയെ തുടച്ചുനീക്കാം, നല്ലൊരു നാളേക്കായി പരിശ്രമിക്കാം.

# വായനയുടെ പുതുവസന്തം തീർത്ത് വായന മാസാചരണത്തിന് തുടക്കമായി

കവടിയാർ: കവടിയാർ സാൽവേ ഷൻ ആർമി ഹയർ സെക്കന്ററി സ്കൂളിൽ വായന മാസാചരണ ത്തിന്റെയും വിദ്യാരംഗം, വിവിധ ക്ലബ്ബുകൾ എന്നിവയുടെ ഉദ്ഘാടനം നടത്തി. സാഹിത്യകാരനും സി മാറ്റ് കേരള റിസർച്ച് ഓഫീസറുമായ ഡോ. സോണി പൂമണി പരിപാടി ഉദ്ഘാ ടനം ചെയ്തു. പി ടി എ വൈസ് പ്രസിഡന്റ് അരുൺ കുമാർ അദ്ധ്യ ക്ഷത വഹിച്ച യോഗത്തിൽ ഹെഡ്മി സ്ട്രസ് പുഷ്പിത ബി സ്വാഗതം അറിയിച്ചു. എസ് എം സി ചെയർ മാൻ ഡോ. ജോർജ്ജ് പെരേര, പി ടി എ പ്രസിഡന്റ് വിൻസന്റ് സാമുവേൽ, സീനിയർ




*ഡോ. സോണി പൂമണി വായന മാസാചരണ പരിപാടി കൾ ഉദ്ഘാടനം ചെയ്യുന്നു.*

അസിസ്റ്റന്റ് നിത്യ ആർ, പ്രോഗ്രാം കൺവീനർ ജയരാജ് വി റ്റി എന്നിവർ സംസാരിച്ചു. വായന മാസാചരണ ത്തോടനുബന്ധിച്ച് ഒരു മാസം നീണ്ടു നില്ക്കുന്ന വിവിധ പരിപാടികളാണ് കുട്ടികൾക്കായി നടത്തപ്പെടുന്നത്.

# ലഹരിക്കെതിരെ സൂം സൂം സൂംബ

കവടിയാർ: കുട്ടികളുടെ മാനസികഉല്ലാസത്തിനും ആരോഗ്യ പരിപാലനത്തിനുമായി സ്കൂളിൽ സൂംബ ഡാൻസ് സംഘടിപ്പിച്ചു. ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ചാണ് സൂംബ ഡാൻസ് അവതരിപ്പിച്ചത്. കുട്ടികളുടെ ഇടയിലുള്ള ലഹരി ഉപയോഗത്തിനെതിരെ ബോധവത്കരിക്കുന്നതിനും ആരോഗ്യ പരിപാലനത്തിനുള്ള മാർഗവുമായാണ് ഇത്തരത്തിൽ ഡാ ൻസ് സംഘടിപ്പിച്ചത്. പ്രത്യേകം പരിശീലനം ലഭിച്ച അധ്യാപകർക്കൊപ്പം മറ്റ് അധ്യാപകരും വിദ്യാർത്ഥികളും സൂംബഡാൻസിൽ പങ്കുചേർന്നു.

അറിയിപ്പ്

## പുസ്തക കൂട് നിറയ്ക്കൽ

പ്രിയപ്പെട്ടവരേ,

കവടിയാർ സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂളിൽ ഈ വർഷത്തെ വായന മാസാചരണത്തോടനുബന്ധിച്ച് പുസ്തക കൂട് നിറയ്ക്കൽ എന്ന പരിപാടിക്ക് തുടക്കം കുറിച്ചിരിക്കുന്നു. നിങ്ങൾ വായിച്ചു കഴിഞ്ഞ പുസ്തകങ്ങളോ, വാങ്ങി നൽകാൻ ആഗ്രഹിക്കുന്നതോ ആയ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിക്കായി നൽകുമല്ലോ...

പുസ്തകങ്ങൾ അയച്ചുതരികയോ നേരിട്ടോ എത്തിക്കാം.

ഫോൺ 91 70 34 35 34 92

# പൂർവ വിദ്യാർത്ഥി വിനയചന്ദ്രനെ ആദരിച്ചു



കവടിയാർ: കവടിയാർ സാൽവേഷൻ ആർമി ഹയർ സെക്കന്ററി സ്കൂൾ പൂർവ വിദ്യാർത്ഥിയും സാമൂഹ്യ- ജീവകാരുണ്യ പ്രവർത്തകനുമായ ശ്രീ. വിനയചന്ദ്രൻ നായരെ സ്കൂൾ ആദരിച്ചു. ജൂൺ രണ്ടാം തീയതി പ്രവേശനോത്സവത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ സ്കൂൾ വൈസ് പ്രിൻസിപ്പാൾ ശ്രീമതി പുഷ്പിത ബി സ്നേഹോപഹാരം നൽകുകയും ഉദ്ഘാടകൻ ഡോ. ബി എസ് ബാലചന്ദ്രൻ പൊന്നാട അണിയിക്കുകയും ചെയ്തു. തിരുവനന്തപുരം നഗരത്തിലെ നിരാലംബരായ നിരവധി മനുഷ്യർക്കു കൈത്താങ്ങായി നിൽക്കുന്ന വിനയചന്ദ്രൻ കഴിഞ്ഞ കുറെ വർഷങ്ങളായി ഭക്ഷണം വിതരണം ചെയ്തു വരുന്നു. നാടിനും മാതൃ വിദ്യാലയത്തിനും ചെയ്തുവരുന്ന സേവനങ്ങളെ കണക്കിലെടുത്താണ് ആദരവ് നൽകിയത്.

# അന്തർദേശീയ യോഗദിനം ആചരിച്ചു

കവടിയാർ: ജൂൺ 21 അന്തർദേശീയ യോഗാദിനം ആചരിച്ചു. സ്കൂൾ ഹെൽത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് യോഗ പരിശീലനം നൽകി. വിദ്യാർത്ഥികളുടെ കായിക ക്ഷമത വളർത്തുവാനും ആരോഗ്യപരിപാലനത്തിനും യോഗ ദിനചര്യയാക്കുവാൻ വിദ്യാർത്ഥികൾക്ക് നിർദേശം നൽകി.

